**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4052 — 26-6-2013-ൽ മറുപടിക്ക്

**ദേശീയ ഗ്രാമീണ ശുദ്ധജല പദ്ധതി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.സി. വിഷ്ണുനാഥ്.<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ജോസഫ് വാഴക്കൻ.<br>ശ്രീ. കെ. ശിവദാസൻ നായർ. | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ദേശീയ ഗ്രാമീണ ശുദ്ധജല പദ്ധതി പ്രകാരം സംസ്ഥാനത്ത് കുടിവെള്ള വിതരണത്തിനുള്ള നടപടികൾക്ക് രൂപം നൽകിയിട്ടുണ്ടോ;<br><br>(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;<br><br>(സി) എത്ര തുകയാണ് ഇതിനായി അനുവദിച്ചിട്ടുള്ളത്;<br><br>(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) യും (ബി) യും (സി) യും (ഡി) യും കേന്ദ്രസർക്കാർ 1972-73-ൽ ഗ്രാമീണമേഖലകളിലുള്ള ജനങ്ങൾക്ക് സുരക്ഷിതമായ കുടിവെള്ളമെത്തിക്കാൻ ആവിഷ്കരിച്ച പദ്ധതിയാണ് ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ. 01/4/2009 -ൽ നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം (NRDWP) എന്ന പേരിൽ നിലവിൽ വന്ന പുതുക്കിയ മാർഗ്ഗനിർദ്ദേശ പ്രകാരം നിലവിൽ 47% കവറേജിനും 20% ക്വാളിറ്റിക്കും 15% ഓപ്പറേഷൻ ആന്റ് മെയിന്റനൻസിനും, 10% ശുദ്ധജലസ്രോതസ്സുകളുടെ പോഷണത്തിനും (സസ്റ്റൈനബിലിറ്റി), 5% പരിശീലന ബോധവൽക്കരണ പ്രവർത്തനത്തിനും (സപ്പോർട്ട് ആക്ടിവിറ്റീസ്), 3% ജലഗുണനിലവാര പരിശോധന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും പരിശീലന പ്രവർത്തനങ്ങൾക്കും (വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് ആന്റ് സർ വൈലൻസ് പ്രോഗ്രാം) ആണ് തുക അനുവദിക്കുന്നത്. |

ഗ്രാമീണമേഖലയിലെ ജനങ്ങളിൽ ഒരാൾക്ക് പ്രതിദിനം 70 ലിറ്റർ കടിവെള്ള ലഭ്യമാക്കുന്ന രീതിയിലാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. വെള്ളത്തിന്റെ ഗുണനിലവാരം കുറഞ്ഞ സ്ഥലങ്ങളിൽ പദ്ധതികൾക്ക മുൻഗണന നൽകാറുണ്ട്. സസ്റ്റൈനബിലിറ്റി വിഭാഗത്തിൽ മഴവെള്ള സംഭരണി പുനരുദ്ധാരണം, കിണറുകളുടെ റീചാർജ്ജ് എന്നിവ ഉൾ പ്പെടും. കൂടാതെ ഗ്രാമീണ സ്കൂളുകളിലേക്കുള്ള കടിവെള്ള വിതരണ പദ്ധതിയും ഉൾ പ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ നിന്നും എസ്.സി./എസ്.ടി. കോളനികളിലേക്ക് പദ്ധതിയ്ക്കായും ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം, സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിംഗ് കമ്മിറ്റി (SLSSC) മുഖേനയാണ് പദ്ധതികൾക്ക് അനുമതി ലഭിക്കുന്നത്. ഓരോ വർഷം എസ്.എൽ.എസ്.എസ്.സി. അംഗീകരിക്കുന്ന പദ്ധതികൾക്കും നിലവിലുള്ള പദ്ധതികൾക്കുമായിട്ടാണ് തുക കേന്ദ്രം അനുവദിക്കുന്നത്. ഇവയിൽ സസ്റ്റൈനബിലിറ്റിക്കും സപ്പോർട്ടിനും, വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് ആന്റ് സർവീലിയൻസിനും 100% കേന്ദ്ര വിഹിതമാണ് അനുവദിക്കുന്നത്. ബാക്കിയുള്ള ഘടകങ്ങൾക്ക് 50:50 എന്ന അനുപാതത്തിലാണ് കേന്ദ്രവും സംസ്ഥാനവും തുക അനുവദിക്കുന്നത്. 2011-12-ൽ 11806.50 ലക്ഷം രൂപയും 2012-13 -ൽ 24564.77 ലക്ഷം രൂപയുമാണ് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ